LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ & ബി) കോട്ടയം ജില്ലയിലെ മാഞ്ഞൂർ ഗ്രാമപഞ്ചായത്തിൽ കറുപ്പന്തറ ടൗണിനോട് ചേർന്ന് സ്ഥിതി ചെയ്യുന്ന പുരാതനമായ മത്സ്യ മാർക്കറ്റാണ് മാഞ്ഞൂർ മത്സ്യമാർക്കറ്റ്. 1999-2000 കാലഘട്ടത്തിൽ ഫിഷ് മാർക്കറ്റ് നവീകരണത്തിന് വേണ്ടി വകപ്പിൽ നിന്നും 4 ലക്ഷം രൂപ മാഞ്ഞൂർ ഗ്രാമപഞ്ചായത്തിന് അനുവദിച്ച് നൽകിയിട്ടുണ്ട്. ഇതനുസരിച്ച് പൂർത്തിയാക്കിയ അടിസ്ഥാന സൗകര്യങ്ങൾ പൂർണ്ണമായി ഉപയോഗപ്പെടുത്തുന്നില്ല എന്ന പോരായ്മ നിലവിലുണ്ട്. ടി മാർക്കറ്റ് നിർമ്മാണം സംബന്ധിച്ച് വ്യക്തമായ ശിപാർശയും എസ്റ്റിമേറ്റും സമർപ്പിക്കാൻ സർക്കാർ ഫിഷറീസ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ 14-9-2012-ൽ എൻ.എഫ്.ഡി.ബി. അനുമതി ലഭിച്ച ടി പ്രോജക്ടിന് ഇനിയും വാലിഡിറ്റി ഉണ്ടോ എന്നുള്ള വിവരം എൻ.എഫ്.ഡി.ബി. യിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ ഫിഷറീസ് ഡയറക്ടർ കേരള സ്റ്റേറ്റ് കോസ്റ്റൽ ഏര്യ ഡെവലപ്മെന്റ് കോർപ്പറേഷന് നിർദ്ദേശം നൽകിയിരിക്കുകയാണ്. ആയത് ലഭ്യമായാലുടൻ ടി ഫയലിൽ നടപടി സ്വീകരിക്കുന്നതാണെന്നുള്ള വിവരം അറിയിച്ചുകൊള്ളുന്നു.

വ്യോമയാന സ്ഥാപനങ്ങളുടെ സുരക്ഷ

156 (1897) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :

ശ്രീ. പി. കെ. ബഷീർ :

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :

ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എയർപോർട്ടുകളുടെയും, ആകാശ പരിധിയുടെയും സുരക്ഷ ഉറപ്പാക്കുന്ന കാര്യത്തിൽ സംസ്ഥാന സർക്കാരിനുള്ള ഉത്തരവാദിത്തങ്ങൾ വിശദമാക്കുമോ;

(ബി) പത്താൻകോട്ട് വ്യോമതാവള ആക്രമണത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനാതിർത്തിക്കുള്ളിലെ വ്യോമയാന സ്ഥാപനങ്ങളുടെ സുരക്ഷയും വ്യോമയാന നിയമങ്ങളുടെ കർശന നടപ്പാക്കലും ഉറപ്പുവരുത്താൻ സർക്കാരിന്റെ ഭാഗത്തുനിന്നും സ്വീകരിക്കേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) Air Space Control, എയർ ക്രാഫ്റ്റ് ഓപ്പറേഷനുകളുടെ സുരക്ഷ എന്നിവ DGCA (Director General of Civil Aviation) യുടെ നിയന്ത്രണത്തിലാണ്. സിവിൽ ഏവിയേഷൻ സുരക്ഷ BCAS (Bureau of Civil Aviation Security) നിയന്ത്രണത്തിൽ CISF (Central Industrial Security Force) ആണ് നിർവ്വഹിക്കുന്നത്. എയർപോർട്ടുകളുടെ പുറത്തെ സുരക്ഷയും ആകാശ സുരക്ഷയും സംസ്ഥാന പോലീസിന്റെ നിയന്ത്രണത്തിലുമാണ്. നിരന്തരമായ പോലീസ് പട്രോളിംഗ് നടത്തിയും ക്രമസമാധാന പാലനം, ഗതാഗത നിയന്ത്രണങ്ങൾ, മറ്റ് അവശ്യ പരിശോധനകൾ തുടങ്ങിയവ നടത്തി ലോക്കൽ പോലീസ് എയർപോർട്ടുകളുടെ പുറത്തെ സുരക്ഷയും ആകാശ സുരക്ഷയും ഉറപ്പുവരുത്തുന്നു.

(ബി) പത്താൻകോട്ട് എയർ ഫോഴ്സ് സ്റ്റേഷൻ ആക്രമണത്തിന്റെ പശ്ചാത്തലത്തിൽ രാജ്യത്തെ എല്ലാ എയർപോർട്ടുകളിലും സുരക്ഷാ ജാഗ്രത പ്രഖ്യാപിക്കുകയും BCAS-ഉം CISF-ഉം സുരക്ഷാ നിലവാരം ഉറപ്പുള്ളതാക്കുകയും ചെയ്തിട്ടുണ്ട്. രാജ്യത്തെ വിമാനത്താവളങ്ങൾക്ക് നേരെ ഉണ്ടാകാനിടയുള്ള ആക്രമണങ്ങൾ തടയുന്നതിനായി കേന്ദ്ര ഇന്റലിജൻസ് ബ്യൂറോ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ സംസ്ഥാന പോലിസിന് നൽകിയിട്ടുണ്ട് :

1 വിമാനത്താവളങ്ങൾക്ക് ചുറ്റും ശക്തമായ പട്രോളിംഗ് ഏർപ്പെടുത്തുകയും വാച്ച് ടവറുകളിൽ രാത്രികാല കാഴ്ചകൾക്ക് സഹായിക്കുന്ന ഉപകരണങ്ങൾ ലഭ്യമാക്കുകയും ചെയ്യുക.

2 വിമാനത്താവളങ്ങളിൽ സന്ദർശകർക്ക് നിയന്ത്രണമേർപ്പെടുത്തുക.

3 സുരക്ഷാ പ്രാധാന്യമുള്ള വിമാനത്താവളങ്ങളിൽ സന്ദർശകർക്കും ജോലിക്കാർക്കും പ്രവേശന കവാടത്തിൽ വച്ച് നടത്തുന്ന പരിശോധനകൾ കർശനമാക്കുക.

4 യാത്രക്കാരുടെ കൈവശമുള്ള ബാഗുകളും മറ്റും കർശന പരിശോധനകൾക്ക് വിധേയമാക്കുക.

5 സുരക്ഷാ പ്രാധാന്യമുള്ള എല്ലാ വിമാനത്താവളങ്ങളിലും സുരക്ഷാ പരിശീലന പരിപാടികൾ നടത്തി സുരക്ഷാ ക്രമീകരണങ്ങൾ വിലയിരുത്തുക.

6 വിമാനത്താവളങ്ങളിലേയ്ക്കുള്ള എല്ലാ പ്രവേശന കവാടങ്ങളിലും ആയുധധാരികളായ സുരക്ഷാ ഭടന്മാരെ നിയോഗിക്കുക.

7 വിമാനത്താവളങ്ങളിൽ പ്രവേശിക്കുന്ന വാഹനങ്ങളുടെയും ഡ്രൈവർമാരെയും മറ്റ് യാത്രക്കാരെയും കർശന പരിശോധനകൾക്ക് വിധേയമാക്കുക, ഡ്രൈവർമാരുടെയും മറ്റുള്ളവരുടെയും തിരിച്ചറിയൽ രേഖകൾ പരിശോധിച്ച് അവരുടെ ഐഡന്റിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

8 സെക്കണ്ടറി ലാഡർ പോയിന്റ് പരിശോധന നടത്തി വിമാനത്താവളങ്ങളിലെ സുരക്ഷ ഉറപ്പുവരുത്തേണ്ടതാണ്.

9 എയർപോർട്ട് സുരക്ഷ കമ്മിറ്റി യോഗം ചേർന്ന് വിമാനത്താവളങ്ങൾക്ക് പുറത്തുനിന്നും കരമാർഗ്ഗമുള്ള ആക്രമണങ്ങളെ നേരിടുന്നതിനുള്ള തയ്യാറെടുപ്പുകൾ നടത്തേണ്ടതാണ്.

പ്രസ്തുത നിർദ്ദേശങ്ങൾ കർശനമായി നടപ്പിലാക്കുന്നായി പോലീസ് നടപടി സ്വീകരിച്ചുവരുന്നു.

സിവിൽ പോലീസ് ഓഫീസറുടെ ഒഴിവുകൾ

157 (1898) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പോലീസിൽ സിവിൽ പോലീസ് ഓഫീസർ തസ്തികയിൽ ഇപ്പോൾ എത്ര ഒഴിവുകളാണുള്ളത്; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഇതിൽ എത്ര ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(സി) മുഴുവൻ ഒഴിവുകളിലേയ്ക്കും നിയമനം നടത്താൻ അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കേരള സിവിൽ പോലീസ് ഓഫീസർ തസ്തികയിൽ ഇപ്പോൾ 333 ഒഴിവുകളൊണുള്ളത്. ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു :

തിരുവനന്തപുരം	107
കൊല്ലം	17
പത്തനംതിട്ട	19
ഇടുക്കി	34
എറണാകുളം	47

LIBRARY ARCHIVES Kerala Legislative Assembly